കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം-പനമരം ബ്ലോക്ക്ഡെവലപ് മെന്റ്ഓഫീസർ ( റിട്ട.) ശ്രീ.ഇ.കുഞ്ഞിമായീൻ, ബഹു.കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA.1109/2016 നമ്പർ കേസിലെ 5-7-2016 ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(ആർ.റ്റി)നം. 2848/2016/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി 07.10.2016

---

പരാമർശം:

1. ഗ്രാമവികസന കമ്മീഷണറുടെ 28/12/15 ലെ 20872/എസ്റ്റാ എ 4/2011/സി.ആർ.ഡി നമ്പർ നടപടിക്രമം.
2. ശ്രീ.ഇ. കുഞ്ഞിമായീൻ, ബ്ലോക്ക്ഡെവലപ് മെന്റ് ഓഫീസർ (റിട്ട) ബഹു.കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA.1109/2016 നമ്പർ കേസിലെ 5-7-2016 ലെ വിധിന്യായം
3. ശ്രീ.ഇ. കുഞ്ഞിമായീൻ സമർപ്പിച്ച 02-06-2016 ലെ പുനപരിശോധനാ ഹർജി.
4. ശ്രീ.ഇ. കുഞ്ഞിമായീൻ സമർപ്പിച്ച 26/09/2016 ലെ സ്റ്റേറ്റ്മെന്റ്.

## ഉത്തരവ്

കല്പറ്റ ബ്ലോക്കിൽ 1988-90 വർഷത്തെ NREP/ RLEP പദ്ധതികളിലെ ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.ഇ. കുഞ്ഞിമായീനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും പ്രസ്തുത ഭക്ഷ്യധാന്യ വിതരണ ക്രമക്കേടിൽ സർക്കാരിനുണ്ടായ നഷ്ടത്തിന്റെ പകുതി തുകയായ രൂ.1,66,276/-( ഒരു ലക്ഷത്തി അറുപത്താറായിരത്തി ഇരുനൂറ്റി എഴുപത്തിയാറ് രൂപാ മാത്രം) ടിയാനിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ഇ.കുഞ്ഞിമായീൻ ബഹു.കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിൽ OA.1109/2016 പ്രകാരം കേസ് ഫയൽ ചെയ്യുകയും ശ്രീ. കുഞ്ഞിമായീൻ സമർപ്പിച്ച പുനപരിശോധനാ ഹർജി (Annexure MA1- പരാമർശം 3) ഒന്നാം എതിർ കക്ഷിയായ സർക്കാർ പരിഗണിക്കണമെന്നും, ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം ടിയാനെ നേരിൽ കേട്ട് , തീരുമാനമെടുക്കണമെന്നും പരാമർശം (2) പ്രകാരം ബഹു.കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ ഉത്തരവാകുകയുമുണ്ടായി.

ബഹു.കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ് അണ്ടർ സെക്രട്ടറി 26/09/2016-ന് ഇക്കാര്യത്തിൽ ഹിയറിംഗ് നടത്തിയിട്ടുണ്ട്. ഹിയറിംഗിനായി ,ഹർജിക്കാരനു വേണ്ടി അഡ്വ.ജി.ഗോപിനാഥൻ നായർ ഹാജരാകുകയും പരാമർശം (4) പ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും ചെയ്തു. ഭക്ഷ്യ ധാന്യ വിതരണത്തിൽ നടവയൽ എസ്. ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സെക്രട്ടറിയുടെ തെളിവ്, വളരെ പ്രധാനമാണെന്നും തനിക്കതിരെയുള്ള അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് പ്രസ്തുത സെക്രട്ടറിയിൽ നിന്നും തെളിവെടുക്കേണ്ടത് അത്യാവശ്യമാണെന്ന് താൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ടിയാനെ സാക്ഷിയായിപ്പോലും വിളിച്ചിട്ടില്ലെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു. നടവയൽ എസ്.ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സെക്രട്ടറിയെ cross examination നടത്തുന്നതിനുള്ള അവസരം നിഷേധിച്ചതു

കാരണം തനിക്ക് തന്റെ നിരപരാധിത്വം തെളിയ്ക്കുവാൻ കഴിഞ്ഞില്ലെന്നും അവസരം ലഭിക്കുകയാണെങ്കിൽ നിരപരാധിത്വം തെളിയിയ്ക്കാൻ കഴിയുമെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ.ഇ. കുഞ്ഞിമായീന്റെ അപേക്ഷ പരിഗണിച്ച്, ഗ്രാമവികസന കമ്മീഷണറുടെ 28/12/15 ലെ 20872/എസ്റ്റാ എ 4/2011/സി.ആർ.ഡി നമ്പർ നടപടിക്രമം, നടവയൽ എസ്.ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സെക്രട്ടറിയെ cross examination നടത്തുന്നതിന് അവസരം നൽകിയതിനു ശേഷം, പുനപരിശോധിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവാകുന്നതിന്, ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.ഇ.കുഞ്ഞിമായീൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA.1109/2016 നമ്പർ കേസിലെ 5-7-2016 ലെ വിധിന്യായം നടപ്പാക്കിക്കൊണ്ട് ഉത്തരവാകുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ.പി.എസ്
അണ്ടർ സെക്രട്ടറി

ശ്രീ.ശ്രീ.ഇ.കുഞ്ഞിമായീൻ,ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ (റിട്ട)
Elayaduthu House,Kaithakkal,Panamaram .P.O,
Wayanad District -670721.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള ,കോഴിക്കോട്
വിവര പൊതുജന സമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്
(ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ